(5) ഉദുമ നിയോജകമണ്ഡലത്തിലെ കാർത്ത്യായനിയമ്മ എന്ന സ്ത്രീ കൊലചെയ്യപ്പെട്ട സംഭവം

ശ്രീ. പി. രാഘവൻ : സർ, ഉദുമ നിയോജകമണ്ഡലത്തിലെ ബേഡകം പഞ്ചായത്തതിർത്തിയിൽപ്പെട്ട കൊളത്തൂരിൽ 27-2-2001 പകൽ സമയത്ത് ഒരു വീട്ടിൽ കടന്നു കയറി 56 വയസ്സായ കാർത്ത്യായനിയമ്മ എന്ന സ്ത്രീയെ രണ്ട് പേർ ചേർന്ന് ക്രൂരമായി കൊലചെയ്യുകയും അവരുടെ കഴുത്തിലുണ്ടായിരുന്ന മാല എടുത്തുകൊണ്ടുപോവുകയും ചെയ്തു. പിന്നീട് നാട്ടുകാർ പ്രതികളെ പിടിച്ച് പോലീസിൽ ഹാജരാക്കി. അവർ ഇതിനുമുൻപ് പല കേസുകളിലും പ്രതികളാണെന്ന് മനസ്സിലായിട്ടുണ്ട്. അവരെ ചോദ്യം ചെയ്താൽ ആ പ്രദേശത്ത് നടന്ന നിരവധി കേസുകൾക്ക് തുമ്പുണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് ഈ കേസ് കാര്യക്ഷമമായി അന്വേഷിക്കാനാവശ്യമായ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ബേഡകം പഞ്ചായത്തിലെ കൊളത്തൂരിൽ ഗോവിന്ദന്റെ ഭാര്യ കാർത്ത്യായനിയമ്മയെ 27-02-2001-ൽ രണ്ടുപേർ വീട്ടിൽ കടന്ന് കയറി കുത്തികൊലപ്പെടുത്തി. 4.400 ഗ്രാം തൂക്കം വരുന്ന സ്വർണ്ണ ചെയിൻ മോഷ്ടിച്ചു. ഇതു സംബന്ധിച്ച് ബേഡകം പോലീസ് സ്റ്റേഷനിൽ ക്രൈം 32/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തെത്തുടർന്ന് സെന്തിൽ കുമാർ, ജഗദീഷ് കുമാർ എന്നിവരെ 27-02-2001-ൽ അറസ്റ്റ് ചെയ്യുകയും മോഷണ മുതൽ കണ്ടെടുക്കുകയും ചെയ്തു. പ്രതികളെ കോടതി റിമാന്റ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടന്നുവരുന്നു.

(6) തിരൂർ തുഞ്ചൻ സ്മാരകത്തിലുണ്ടായ തീപിടിത്തം

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഭാഷാ പിതാവ് തുഞ്ചത്തെഴുത്തച്ഛന്റെ ജന്മഗൃഹമായ തിരൂർ തുഞ്ചൻ സ്മാരകത്തിൽ 7-3-2001-ന് രാവിലെ 2.30-ന് തീപിടിത്തമുണ്ടായി. ഏകദേശം ആറ് ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായി. കേരളത്തിലെ ഏറ്റവും നല്ല ലിറ്ററേച്ചർ മ്യൂസിയമാകാൻപോകുന്ന കെട്ടിടത്തിലെ വിലപിടിപ്പുള്ള, തേക്കിൽ നിർമ്മിച്ച ഫർണീച്ചറുകളാണ് കത്തി നശിച്ചത്. എം. ടി. വാസുദേവൻനായരുടെ നേതൃത്വത്തിൽ തുഞ്ചൻ സ്മാരകത്തിന്റെ നിർമ്മാണം പുരോഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുന്നതിനിടയിലാണ് ഈ സംഭവമുണ്ടായിട്ടുള്ളത്. തീപിടിത്തം ബോധപൂർവ്വമാണെന്നുള്ള സംസാരം ജനങ്ങൾക്കിടയിലുണ്ടായിട്ടുണ്ട്. അതുകൊണ്ട് ഇതിനെക്കുറിച്ച് ലോക്കൽ പോലീസ് അന്വേഷിക്കുന്നതിനു പകരം സി.ബി.ഐ.യെക്കൊണ്ട് അന്വേഷിപ്പിക്കുകയും അതോടൊപ്പം ഇതിന്റെ നാശനഷ്ടം കണക്കിലെടുത്ത് നഷ്ടപരിഹാരം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 6-3-2001-ന് രാത്രി 2 മണിയോടുകൂടി തൃശ്ശൂർ തുഞ്ചൻ സ്മാരകത്തിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള ഉരുപ്പടികൾ സൂക്ഷിച്ചിരുന്ന ഷെഡ്ഡിന് തീപിടിച്ച് നാശനഷ്ടങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായി. ഇതുസംബന്ധിച്ച് തിരൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. തീപിടിത്തത്തിന്റെ ഫലമായി ഏതാണ്ട് ആറ് ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായി കണക്കാക്കുന്നു. കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ ഡി.ജി.പി-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അതിന്റെ ഭാരവാഹികൾ അറിയിച്ചാൽ അന്വേഷിക്കാം.

(7) കോഴിക്കോട് വെള്ളിമാടുകുന്ന് എൻ.ജി.ഒ. ക്വാർട്ടേഴ്സ് കെട്ടിടം തിരിച്ചു കിട്ടണമെന്ന ആവശ്യം

ശ്രീ. എളമരം കരീം : സർ, കോഴിക്കോട് വെള്ളിമാടുകുന്ന് എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ ജീവനക്കാർ റിക്രിയേഷൻ ക്ലബായി ഉപയോഗിച്ചിരുന്ന കെട്ടിടം ഫയർസ്റ്റേഷന്റെ പ്രവർത്തനത്തിനായി വിട്ടുകൊടുക്കുകയുണ്ടായി. ആ ഫയർ സ്റ്റേഷൻ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രസ്തുത കെട്ടിടം അവർക്ക് തിരിച്ചുനൽകണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : കോഴിക്കോട് ജില്ലയിലെ വെള്ളിമാടുകുന്ന് ഫയർസ്റ്റേഷൻ 12-2-1995 മുതൽ കോഴിക്കോട് എൻ.ജി.ഒ. ക്വാർട്ടേഴ്സിലെ വെൽഫയർ ആന്റ് റിക്രിയേഷൻ ക്ലബിന്റെ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ക്വാർട്ടേഴ്സിലും പരിസരപ്രദേശങ്ങളിലും താമസിക്കുന്നവർക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഫയർസ്റ്റേഷൻ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ഫയർസ്റ്റേഷന് സ്ഥിരമായി ഒരു കെട്ടിടം പണിയാൻ 20 സെന്റ് സ്ഥലം ഫയർഫോഴ്സ് വകുപ്പിന് നൽകാമെന്ന് പൊതുമരാമത്ത് വകുപ്പ് സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്യാൻ ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലം ഫയർഫോഴ്സ് വകുപ്പിന് ലഭിച്ചാലുടനെ കെട്ടിടം പണിത് ഈ ഫയർ സ്റ്റേഷൻ മാറ്റി സ്ഥാപിക്കുന്നതാണ്.

(8) സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിന്റെ 50-ാം പിറന്നാൾ ആഘോഷിക്കുന്നതിന്റെ ഭാഗമായി 1-1-1997 മുതൽ 14-8-1998 വരെയുള്ള കാലഘട്ടത്തിൽ സർവ്വീസിലുണ്ടായിരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുമെന്ന് ഇൻഡ്യൻ പ്രസിഡന്റ് പറഞ്ഞിരുന്നു. ഇവിടെ ഒരു വിഭാഗം ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അവരേക്കാൾ വളരെയധികം കഷ്ടപ്പെടുന്നവരാണ് ഇനി സ്ഥിരപ്പെടുത്താനുള്ളവർ. അതുകൊണ്ട് ബാക്കിയുള്ളവരെക്കൂടി സ്ഥിരപ്പെടുത്താനുള്ള ദയവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികം പ്രമാണിച്ച് 1-1-1997 മുതൽ 14-8-1998 വരെ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly